**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 11.11.2025**

## പ്രധാനവാർത്തകൾ

1. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഭൂട്ടാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള സ്വീകരണം.
2. ഡൽഹി സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ഉന്നത തല യോഗം. സ്ഫോടനത്തിന് ഉത്തരവാദികളായവരെ നിയമത്തിന് മുന്നിൽ കൊണ്ട് വരുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.
3. സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തും കർശന ജാഗ്രതാ നിർദേശം; റെയിൽവേ സ്റ്റേഷനുകളിലും , വിമാനത്താവളങ്ങളിലും സുരക്ഷാ പരിശോധന ശക്തം.
4. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ അവസാന ഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു; 11 മണി വരെ രേഖപ്പെടുത്തിയത് 31.38 ശതമാനം പോളിംഗ്.
5. പ്രശസ്തമായ ആലപ്പുഴ മണ്ണാറശാല ആയില്യം മഹോത്സവത്തോട് അനുബന്ധിച്ച് നാളെ പ്രാദേശിക അവധി പ്രഖ്യാപിച്ചു.
6. കെയ്റോയിൽ നടക്കുന്ന **ISSF** ലോക ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സാമ്രാട്ട് റാണയ്ക്ക് സ്വർണ്ണം;

RNU TVPM

**വ്യക്തിഗത എയർ പിസ്റ്റൾ ലോക കിരീടം നേടുന്ന ആദ്യ ഇന്ത്യൻ താരമായി റാണ.**

******************************************

## <u>രാഷ്ട്രപതി - അംഗോള</u>

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ദ്വിരാഷ്ട്ര പര്യടനം തുടരുന്നു. ലുവാണ്ടയിൽ നടക്കുന്ന അംഗോളയുടെ 50-ാം സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ രാഷ്ട്രപതി ഇന്ന് പങ്കെടുക്കും. ഇന്ന് ബോട്സ്വാനയിലേക്ക് തിരിക്കുന്ന രാഷ്ട്രപതി ബോട്സ്വാന പ്രസിഡന്റ് ഡുമ ബോക്കോയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും.

******************************************

RNU TVPM

## <u>പ്രധാനമന്ത്രി - ഭൂട്ടാൻ</u>

പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഭൂട്ടാനിലെത്തി. ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിങ് ടോബ്ഗെയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിക്ക് വിമാനത്താവളത്തിൽ ഊഷ്മള സ്വീകരണം നൽകി. ഇന്ത്യ - ഭൂട്ടാൻ ബന്ധം ശക്തിപ്പെടുത്താനാണ് സന്ദർശനം ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. സന്ദർശന വേളയിൽ ഭൂട്ടാൻ രാജാവുമായി ചേർന്ന് ആയിരത്തി ഇരുപത് മെഗാവാട്ട് ജലവൈദ്യുത പദ്ധതിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും. ഭൂട്ടാൻ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുന്ന ശ്രീ മോദി ലോക സമാധാന പ്രാർത്ഥനാ മഹോത്സവത്തിലും പങ്കെടുക്കും.

******************************************

## ഡൽഹി - അവലോകന യോഗം

ഡൽഹി കാർ സ്ഫോടനത്തെ തുടർന്നുള്ള സാഹചര്യം വിലയിരുത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ഉന്നത തല സുരക്ഷാ അവലോകന യോഗം തുടരുന്നു. കേന്ദ്ര ആഭ്യന്തര സെക്രട്ടറി, ഇന്റലിജൻസ് ബ്യൂറോ ഡയറക്ടർ, ഡൽഹി പോലീസ് കമ്മീഷണർ, ദേശീയ അന്വേഷണ ഏജൻസി ഡയറക്ടർ ജനറൽ എന്നിവർക്കൊപ്പം ജമ്മു കശ്മീർ പോലീസ് ഡയറക്ടർ ജനറൽ ഓൺലൈനായും പങ്കെടുക്കുന്നുണ്ട്. സ്ഫോടനമുണ്ടായതിനു പിന്നാലെ, എല്ലാ പ്രധാനപ്പെട്ട മേഖലകളിലും സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. ഡൽഹിയിൽ ചുവപ്പ് കോട്ടയ്ക്ക് സമീപം ഇന്നലെ നടന്ന കാർ സ്ഫോടനത്തിൽ എട്ട് പേർ മരിക്കുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

****************************************************

## രാജ്നാഥ്

സ്ഫോടനത്തിന് ഉത്തരവാദികളായവരെ നിയമത്തിന് മുന്നിൽ കൊണ്ട് വരുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. ഡൽഹി ഡിഫൻസ് ഡയലോഗിനെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

****************************************************

## സുരേഷ്ഗോപി - ഡൽഹി സ്ഫോടനം

ഡൽഹി സ്ഫോടനം ദൗർഭാഗ്യകരമായ സംഭവമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. രാജ്യത്തിന്റെ അഖണ്ഡതയ്ക്ക് ഏറ്റ മുറിവാണിതെന്നും, ജനങ്ങൾ സംയമനം പാലിച്ചു സാഹോദര്യം

RNU TVPM

കാത്തു സൂക്ഷിക്കണമെന്നും കേന്ദ്ര സഹമന്ത്രി തൃശ്ശൂരിൽ പറഞ്ഞു.

*******************************************

## സംസ്ഥാനം - സുരക്ഷ

ഡൽഹി കാർ സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തും കർശന ജാഗ്രതാ നിർദേശം. തിരുവനന്തപുരത്ത് റെയിൽവേ സ്റ്റേഷനുകളിലും , തമ്പാനൂർ സെൻട്രൽ ബസ് ഡിപ്പോ , ആരാധനാലയങ്ങൾ ഉൾപ്പടെയുള്ള മറ്റു പ്രധാന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും പൊലീസും ബോംബ് സ്ക്വാഡും പരിശോധന നടത്തി. കണ്ണൂരും വിമാനത്താവളം, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ ഇടങ്ങളിൽ സുരക്ഷ വർധിപ്പിച്ചു. റെയിൽവേ പോലീസ്, ആർ പിഎഫ്, ബോംബ് - ഡോഗ് സ്ക്വാഡുകൾ എന്നിവയുടെ നേതൃത്വത്തിൽ പരിശോധന നടത്തി. മലപ്പുറം കലക്ടറേറ്റിലും ബോംബ് - ഡോഗ് സ്ക്വാഡുകളുടെ നേതൃത്വത്തിൽ വ്യാപക പരിശോധന നടത്തി. ജില്ലയിലെ പ്രധാന റെയിൽവേ സ്റ്റേഷനുകളിലും പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. കോഴിക്കോട് ബീച്ച് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ബോംബ് സ്ക്വാഡ് പരിശോധന നടത്തി.

*******************************************

## വിമാനയാത്ര -സുരക്ഷാ പെരുമാറ്റച്ചട്ടം

ഡൽഹി സ്ഫോടനത്തെ തുടർന്ന് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ സുരക്ഷ വർദ്ധിപ്പിച്ചു. യാത്രക്കാർ നേരത്തേയെത്തി സുരക്ഷാ പരിശോധനയുമായി സഹകരിക്കണമെന്നും വിമാനത്താവള അധികൃതർ അഭ്യർത്ഥിച്ചു. യാത്രക്കാരുടെയും വിമാനത്താവള

RNUT VPM

ജീവനക്കാരുടെയും സുരക്ഷയാണ് ഏറ്റവും പ്രധാനമെന്നും അധികൃതർ വ്യക്തമാക്കി.

*******************************************

## ബിഹാർ - തിരഞ്ഞെടുപ്പ്

ബിഹാറിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാമത്തെയും അവസാനത്തെയും ഘട്ടത്തിലേക്കുള്ള വോട്ടെടുപ്പ് പുരോഗമിക്കുന്നു. 20 ജില്ലകളിലെ 122 നിയമസഭാ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ്. 11 മണി വരെ 31.38 ശതമാനം പോളിംഗ് രേഖപ്പെടുത്തിയിട്ടുണ്ട്. വോട്ടെണ്ണൽ ഈ മാസം 14 ന് നടക്കും.

*******************************************

RNU TVPM

## മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തെ തദ്ദേശ തിരഞ്ഞെടുപ്പ് ബാധിക്കില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ. നവംബർ 25 നുള്ളിൽ ആദ്യ ഘട്ടം പൂർത്തിയാക്കാനാകുമെന്നും അദ്ദേഹം അറിയിച്ചു. SIR നായുള്ള ഓൺലൈൻ സംവിധാനം വോട്ടർമാർ ഫലപ്രദമായി വിനിയോഗിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

*******************************************

## മണ്ണാറശാല ആയില്യം (ഇൻട്രോ )

പ്രശസ്തമായ മണ്ണാറശാല ആയില്യം നാളെ. ആയില്യ മഹോത്സവത്തോടനുബന്ധിച്ച് ക്ഷേത്രത്തിൽ വലിയ ഭക്തജന തിരക്കാണ് അനുഭവപ്പെടുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി **ആർ രവികുമാർ......**

(വോയിസ്)

*******************************************

## <u>തെരുവു നായ ആക്രമണം</u>

തിരുവനന്തപുരം മ്യൂസിയം പരിസരത്ത് തെരുവ് നായ ആക്രമണം. രാവിലെ നടക്കാൻ ഇറങ്ങിയവരെയാണ് തെരുവ് നായ ആക്രമിച്ചത്. തെരുവ് നായയുടെ കടിയേറ്റ 5 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവത്തെ തുടർന്ന് മ്യൂസിയം പോലീസും മൃഗ സംരക്ഷണ ഉദ്യോഗസ്ഥരും സ്ഥലത്തെത്തി പരിശോധന നടത്തി.

RNU TVPM

*******************************************

## <u>കൊല്ലം- സ്ഥാനാർത്ഥികൾ</u>

കൊല്ലം കോർപറേഷനിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള 21 സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച് ബിജെപി. പാർട്ടി ദേശീയ നിർവാഹകസമിതി അംഗം കുമ്മനം രാജശേഖരനാണ് പ്രഖ്യാപനം നടത്തിയത്. തൃശൂരിൽ ഇന്ന് കോർകമ്മറ്റി യോഗം ചേർന്ന ശേഷം തിരഞ്ഞെടുപ്പ് സംബന്ധിച്ച തീരുമാനങ്ങളുണ്ടാകുമെന്ന് ബിജെപി നേതാവും കേന്ദ്രസഹമന്ത്രിയുമായ സുരേഷ് ഗോപി പറഞ്ഞു. എൽഡിഎഫിലും യുഡിഎഫിലും സ്ഥാനാർഥി നിർണായ ചർച്ചകൾ തുടരുകയാണ്.

*******************************************

## വീണ ജോർജ്

കേരളത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികൾക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകൾക്കുമുള്ള സമഗ്ര റഫറൽ പ്രോട്ടോകോൾ പുറത്തിറക്കി. മെഡിക്കൽ കോളേജുകളുടെ ഭാരം കുറയ്ക്കാനും രോഗികൾക്ക് തൊട്ടടുത്തുള്ള ആശുപത്രികളിൽ മികച്ച ചികിത്സ ഉറപ്പാക്കാനുമായുള്ള

മാനദണ്ഡങ്ങളാണിതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

*****************************************************

## പടക്ക നിർമാണശാലയിൽ തീപിടുത്തം

തിരുവനന്തപുരം പാലോട് പടക്ക നിർമാണശാലയിൽ തീ പിടുത്തം. പരിക്കേറ്റ മൂന്ന് ജീവനക്കാരെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതിൽ ഒരാളുടെ നില ഗുരുതരമാണ്. ഓലപ്പടക്കം നിർമ്മിക്കുന്നതിനിടെ തീ പടർന്നാണ് അപകടമുണ്ടായത്.

RNU TVPM

*****************************************************

## കണ്ണൂർ (ഇൻട്രോ)

ടൂറിസം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നോർത്ത് മലബാർ ട്രാവൽ ബസാർ മേള സംഘടിപ്പിക്കുന്നു. ഈ വരുന്ന ശനി ഞായർ ദിവസങ്ങളിലാണ് മേള. രാജ്യത്ത് ആദ്യമായാണ് ഒരു എയർ പോർട്ട്, ട്രാവൽ മാർട്ടിൻ്റെ വേദിയാകുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ ശശിധരൻ...**

(വോയിസ്)

**************************************************

## ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പ്

ഈജിപ്റ്റിലെ കെയ്റോയിൽ നടക്കുന്ന ISSF ലോക ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സാമ്രാട്ട് റാണ പുരുഷന്മാരുടെ 10 മീറ്റർ എയർ പിസ്റ്റളിൽ സ്വർണം നേടി. ഇതോടെ വ്യക്തിഗത എയർ പിസ്റ്റൾ ലോക കിരീടം നേടുന്ന ആദ്യ ഇന്ത്യൻ താരമായി സാമ്രാട്ട് റാണ. മൂന്ന് സ്വർണം, മൂന്ന് വെള്ളി, മൂന്ന് വെങ്കലം ഉൾപ്പെടെ ഇന്ത്യയുടെ ആകെ മെഡൽ നേട്ടം ഒമ്പതായി.

**************************************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 183 പോയിന്റ് ഇടിഞ്ഞ് 83,356 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 55 പോയിന്റ് നഷ്ടത്തിൽ 25,526 ലും വ്യാപാരം തുടരുന്നു.

സ്വർണവില കൂടി. പവന് 1,800 രൂപ വർധിച്ച് 92,600 രൂപയും, ഗ്രാമിന് 11,575 രൂപയുമാണ് ഇന്നത്തെ വില.

**************************************************

## മഴ- സംസ്ഥാനം

സംസ്ഥാനത്തെ തെക്കൻ ജില്ലകളിൽ ഒറ്റപ്പെട്ട ഇടങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് തിരുവനന്തപുരം, എറണാകുളം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

PNU TVPM

*****************************************

## ശബരിമല

മണ്ഡല - മകരവിളക്ക് തീർഥാടനത്തിന് തുടക്കം കുറിച്ച് ശബരിമല അയ്യപ്പ ക്ഷേത്രനട ഞായറാഴ്ച തുറക്കും. തിങ്കളാഴ്ചയാണ് വൃശ്ചികമാസ പൂജകൾ ആരംഭിക്കുക. 27നു മണ്ഡലപൂജയ്ക്കു ശേഷം രാത്രി നട അടയ്ക്കും. തുടർന്ന് മകരവിളക്കിനായി 30 നു വൈകിട്ട് തുറക്കുന്ന നട ജനുവരി 20 ന് അടയ്ക്കും. ജനുവരി 14 നാണ് മകരവിളക്ക്.

*****************************************

## ജല വിതരണം തടസ്സപ്പെടും

വാട്ടർ അതോറിറ്റിയുടെ വെള്ളയമ്പലം ജല ശുദ്ധീകരണ ശാലയിൽ ശുചീകരണ ജോലികൾ നടക്കുന്നതിനാൽ തിരുവനന്തപുരത്ത് വിവിധയിടങ്ങളിൽ ജലവിതരണം തടസ്സപ്പെടും. കുര്യാത്തി സെക്ഷൻ പരിധിയിൽ വരുന്ന തമ്പാനൂർ, ഫോർട്ട്, ശ്രീവരാഹം തുടങ്ങിയ വാർഡുകളിലും പാറ്റൂർ സെക്ഷൻ പരിധിയിൽ വരുന്ന ശ്രീകണ്ഠേശ്വരം, പാൽക്കുളങ്ങര വാർഡുകളിലും ഇന്നും നാളെയും ജലവിതരണം ഭാഗികമായും മറ്റന്നാൾ പൂർണമായും തടസ്സപ്പെടും.

*********************************************************************

*************************************

PRD TVPM